# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2496 **19.03.2015**-ൽ മറുപടിക്ക്

## ഹോമിയോ - ആയുർവേദ ഡിസ്പെൻസറികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>" എം.എ. വാഹീദ്<br>" പി.സി. വിഷ്ണുനാഥ്<br>" എ.പി. അബ്ദുള്ളക്കുട്ടി | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര ഹോമിയോ ഡിസ്പെൻസറികളും ആയുർവേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ 110 പുതിയ ഹോമിയോ ഡിസ്പെൻസറികളും 77 ആയുർവേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആയുർവേദ ചികിത്സാ സൗകര്യം എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ആയുർവേദ ചികിത്സാ സൗകര്യം എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിനായി ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആയുർവേദ ഡിസ്പെൻസറികൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2011 ന് ശേഷം ഇതുവരെ എത്ര ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2011-ന് ശേഷം ഇതുവരെ 77 ആയുർവേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**